# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 540

26.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, എ. പ്രദീപ്കുമാർ<br>,, കെ.ജെ. മാക്സി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ആവർത്തിച്ചുണ്ടാകുന്ന പ്രകൃതിക്ഷോഭം കൊണ്ടും ആധുനിക രക്ഷാ ഉപകരണങ്ങളുടെ അഭാവം കൊണ്ടും ആപൽക്കരമായ തൊഴിലുകളിൽ ഒന്നായി സമുദ്ര മത്സ്യബന്ധനം മാറിയ സാഹചര്യത്തിൽ കടൽ സുരക്ഷയ്ക്കായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളും അതുമൂല മുണ്ടാകുന്ന ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധന ത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്ക്കരി ച്ചിട്ടു ണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കടലിന്റെ അവസ്ഥ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കു ന്നതിന് 'ഇൻകോയിസു'മായി ധാരണാ പത്രങ്ങളിൽ ഒപ്പ് വെച്ചിട്ടു ണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടു ണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരിച്ചു വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ NIC വഴി തയ്യാറാക്കിയിട്ടു ണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തു ന്ന തിനുള്ള 'മറൈൻ ആംബുലൻസ്' സംവിധാനം ഏർപ്പെടുത്തു ന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. കൂടാതെ കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും SOLAS അംഗീകൃത IRS approved inflatable life Jacket നൽകുന്നതിനുള്ള നടപടികളും മത്സ്യത്തൊഴി ലാളികൾക്കുള്ള രക്ഷാ പ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി ക്കൊണ്ട് കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന നടപടികളും പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി യാനങ്ങൾ നൽകുവാനും ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു ണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ പദ്ധതി, സൗജന്യറേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി എന്നിവയാണ് മത്സ്യവകുപ്പ് മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കുന്നു ണ്ട്. |

സെക്ഷൻ ഓഫീസർ